(PAGES 2)

**D1BML2502** **Name: ............................**

**Reg. No.: ........................**

**FIRST SEMESTER FYUGP EXAMINATION, NOVEMBER 2025**

**(Regular/Improvement/Supplementary)**

**AEC 2 For SCIENCE PROGRAMMES & BCA**

**MAL1FA102 (2): MALAYALA SAHITHYASWADANAM**

**Time: 1 ½ Hours** **Maximum Marks: 50**

M: Mark BL: Bloom's Taxonomy Level (1 to 6) CO: Course Outcome

**Section A: Answer all questions. Each carries 2 marks.**
**Ceiling: 16 Marks**

| No. | Question | M | BL | CO |
|---|---|---|---|---|
| 1 | 'സഞ്ചാരസാഹിത്യത്തിനു ഏറ്റവും അടുപ്പമുള്ളത് ആത്മകഥയോടാണ് ' എന്ന പ്രസ്താവനയുടെ സാംഗത്യം വ്യക്തമാക്കുക. | 2 | 2 | CO1 CO6 |
| 2 | 'കരിമ്പുലി' എന്ന ശീർഷകം ആ കഥയ്ക്ക് എത്രമാത്രം യോജിക്കുന്നുണ്ട് ? വിശദമാക്കുക. | 2 | 4 | CO2 CO6 |
| 3 | 'മിണ്ടാപ്പെണ്ണ്' എന്ന തലക്കെട്ട് ആ നോവലിന് എത്രമാത്രം യോജിക്കുന്നുണ്ട് ? ഉറൂബിന്റെ ‘മിണ്ടാപ്പെണ്ണ് ’ എന്ന നോവലിന് മറ്റൊരു തലക്കെട്ടു നിർദ്ദേശിക്കുക . | 2 | 2 | CO2 CO6 |
| 4 | തുള്ളൽകവിതകൾ മറ്റു കവിതകളിൽനിന്നും എങ്ങനെയെല്ലാമാണ് വ്യത്യസ്തമാവുന്നത് ? | 2 | 2 | CO3 CO6 |
| 5 | വാമൊഴിയും വരമൊഴിയും തമ്മിലുള്ള പ്രധാനപ്പെട്ട വ്യത്യാസങ്ങൾ എന്തല്ലാം ? | 2 | 2 | CO3 |
| 6 | മാനസാന്തരം എന്ന കവിതയിലെ 'ശവശൈത്യമെഴും കൊടൈക്കനാൽ' എന്ന പ്രയോഗത്തിന്റെ സാംഗത്യം വിശദീകരിക്കുക. | 2 | 4 | CO3 CO6 |
| 7 | നിങ്ങൾക്ക് ഇഷ്ടപെട്ട ഏതെങ്കിലും ഒരു സിനിമാഗാനത്തിലെ ഏറ്റവും പ്രിയപ്പെട്ട രണ്ടുവരികൾ ഉദ്ധരിച്ചു അതിന്റെ കാരണം വ്യക്തമാക്കുക. | 2 | 2 | CO4 CO6 |
| 8 | 'മനുഷ്യൻ തെരുവിൽ മരിക്കുന്നു ; മതങ്ങൾ ചിരിക്കുന്നു'. - വയലാറിന്റെ ഈ വരികൾ എക്കാലത്തും പ്രസക്തമാണെന്ന അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുക. | 2 | 2 | CO4 CO6 |
| 9 | പുതിയകാലത്തെ പാട്ടുകൾ സാഹിത്യമൂല്യം കുറഞ്ഞവയാണ് എന്ന അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായങ്ങൾ ഉദാഹരണസഹിതം വിശദീകരിക്കുക. | 2 | 4 | CO 4 CO 5 CO 6 |
| 10 | 'അശുഭമംഗളകാരി' എന്ന ഗാനം നായിക ഒരു തോൽവിയാണെന്ന സൂചനയാണോ നൽകുന്നത് ? വിശദീകരിക്കുക. (PTO) | 2 | 4 | CO4 CO6 |

| Section B: Answer all questions. Each carries 6 marks.<br>Ceiling: 24 Marks | | | | |
|---|---|---|---|---|
| **No.** | **Question** | **M** | **BL** | **CO** |
| 11 | യാത്രകൾ പുതിയ അറിവുകളും വിസ്മയങ്ങളും അനുഭൂതികളും പ്രദാനംചെയ്യുന്നു. ഈ ആശയത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? 'റുബ്ഉൽ ഖാലിയിലെ നാറാണത്ത് ഭ്രാന്തൻ' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക. | 6 | 4 | CO1<br>CO6 |
| 12 | 'മാണിക്കൻ' എന്ന ചെറുകഥയുടെ പ്ലോട്ട് കേരളത്തിലുണ്ടായിരുന്ന ജാതി വ്യവസ്ഥയുടെയും ഫ്യൂഡലിസത്തിന്റെയും പശ്ചാത്തലത്തിലാണ് രൂപപ്പെട്ടിരുക്കുന്നത്. ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക. | 6 | 4 | CO1<br>CO6 |
| 13 | കരുത്തുള്ള സ്ത്രീ കഥാപാത്രങ്ങളെ മലയാളസാഹിത്യത്തിനു സംഭാവനചെയ്ത എഴുത്തുകാരനാണ് ഉറൂബ് . ഉറൂബിന്റെ രചനകളിൽ നിങ്ങൾക്കു പരിചയമുള്ള ഏതെങ്കിലും സ്ത്രീ കഥാപാത്രങ്ങളെ മുൻനിർത്തി വിശദീകരിക്കുക. | 6 | 2 | CO2<br>CO6 |
| 14 | മലയാളവിഭാഗം സംഘടിപ്പിക്കുന്ന 'കേരളീയകലാപരിചയം'എന്ന പരിപാടിയിൽ തുള്ളൽ എന്ന കലാരൂപത്തെ പരിചയപ്പെടുത്തി സംസാരിക്കുന്നതിനുവേണ്ടി ഒരു കുറിപ്പ് തയ്യാറാക്കുക. | 6 | 3 | CO3<br>CO6 |
| 15 | ഒരു കുറ്റവാളിയുടെ ഒളിജീവിതത്തിലെ മാനസികസംഘർഷങ്ങളും മാനസാന്തരത്തിലൂടെ അയാൾക്ക് ലഭിച്ച മനസ്സമാധാനവും ഭാവതീവ്രമായി ചിത്രീകരിക്കാൻ ബാലചന്ദ്രൻ ചുള്ളിക്കാടിനു സാധിച്ചിട്ടുണ്ടോ? വിശദമാക്കുക. | 6 | 4 | CO3<br>CO6 |

| Section C: Answer any one question. Each carries 10 marks. (1 x 10 = 10 marks) | | | | |
|---|---|---|---|---|
| **No.** | **Question** | **M** | **BL** | **CO** |
| 16 | "തിരിച്ചിറക്കത്തിൽ കുലുക്കം കുറച്ചുകുറവായിരുന്നു. പുലിയൊഴിഞ്ഞകൂട്ടിൽപിടിച്ചു ചെല്ലക്കുട്ടൻ കൂസാതെനിന്നു. കാട് ഇടയ്ക്കിടയ്ക്ക് ഇലകളും വള്ളികളും ചില്ലകളുമായി അവനെ സ്പർശിച്ചു, തൊട്ടുതഴുകി". വായനക്കാരന്റെ ഭാവനയ്ക്കും അഭിരുചിക്കും ഇടം നൽകുന്നവിധത്തിൽ ഓപ്പൺ എൻഡഡ് ആയിട്ടാണ് 'കരിമ്പുലി' അവസാനിക്കുന്നത്. നിങ്ങളുടെ ഭാവനയിൽ 'കരിമ്പുലി'യുടെ അവസാനം എങ്ങനെയായിരിക്കും ? കരിമ്പുലിയെന്ന കഥക്ക് ഒരു ക്ലൈമാക്സ് / തുടർച്ച എഴുതുക. | 10 | 6 | CO2<br>CO6 |
| 17 | ലിംഗസ്വത്വതന്ത്രങ്ങളെ സംബന്ധിക്കുന്ന വിശാലമായ കാഴചപ്പാട് രൂപപ്പെടുന്നതിൽ 'കൂവാഗം' പോലുള്ള നാടകങ്ങളും സിനിമകളും നല്ലൊരു പങ്കുവഹിക്കുന്നുണ്ട്. നാടകത്തിന്റെ ഉള്ളടക്കം, രാഷ്ട്രീയം, അവതരണരീതി എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കി സ്വന്തം കാഴ്ചപ്പാടുകൾ രേഖപ്പെടുത്തുക. | 10 | 4 | CO4<br>CO6 |